പുത്തൻകാവ് കിഴക്കേത്തലയ്ക്കൽ ശാഖ

ആദി പിതാവായ ഇടിചാണ്ടിയുടെ മൂന്നാമത്തെ മകൻ കിര്യാൻ മൂന്നു മക്കളിൽ മൂന്നാമനായ തൊമ്മൻ കത്തനാരെന്ന, അവിവാഹിതനായ പുരോഹിതൻ, പുത്തൻ
കാവ് പള്ളിയിൽ താമസിച്ച് കാലം ചെയ്ത വലിയ മാർ ദിവന്നാസിയോസിന്റെ ആറാം മർത്തോമ്മ) സെക്രട്ടറിയായും പുത്തൻകാവ് പള്ളി വികാരിയായും ഏറെ കാലം ജീവിച്ചു.

തിരുമേനി കബറടങ്ങിയശേഷം അച്ചൻ, സ്വദേശമായ മാവേലിക്കരയ്ക്ക് മടങ്ങിവരാനാഗ്രഹിച്ചെങ്കിലും പുത്തൻകാവ് ഇടവകക്കാരുടെ നിർബന്ധ പ്രകാരം അവിടെ തന്നെ തുടർന്ന് താമസിക്കുകയും വാർദ്ധക്യകാലത്ത് തന്നെ സഹായിക്കുന്നതിനു വേണ്ടി, അനുജൻ ഫിലിപ്പോസ് പെരുമാൾ തരകനെ കൂട്ടികൊണ്ട് വന്ന് കൂടെ താമസിപ്പിക്കുകയും ചെയ്തു. പിലിപ്പോ പെരുമാൾ തരകൻ, പുതുപ്പള്ളി താഴത്ത് വീട്ടിൽ അന്നുണ്ടായിരുന്ന ജഡ്ജിയുടെ മകളെയാണ് വിവാഹം കഴിച്ചത്. ഇദ്ദേഹം പുത്തൻകാവിലും പരിസരപ്രദേശങ്ങളിലുമായി ധാരാളം വസ്തു വകകൾ സമ്പാദിച്ച, പുത്തൻ കാവിൽ കിഴക്കേതലയ്ക്കൽ താമസമാക്കി. ഇദ്ദേഹത്തിന് ഉമ്മൻ, സ്കറിയ കത്തനാർ, നൈനാൻ, ഇടിച്ചാണ്ടി, മാത്തുണ്ണി, പിലിപ്പോസ് എന്നിങ്ങനെ ആറ് ആൺമക്കളും കുണ്ടറ നെടുമ്പായികുളത്തും, അടൂരിലും വിവാഹം കഴിച്ചയച്ച രണ്ട് പെൺമക്കളും ഉണ്ടായിരുന്നു. ഇവരിൽ ഉമ്മച്ചനും, സ്കറിയ കത്താനാരും പുത്തൻകാവിൽ തന്നെ സ്ഥിര താമസമാക്കി. നൈനാനും, ഇടിച്ചാണ്ടിയും പുത്തൻകാവിൽ നിന്നും രണ്ടുമൈമൽ കിഴക്കുമാറി പിരള ശ്ശേരി എന്ന സ്ഥലത്ത് താമസമാക്കി. മാത്തുണ്ണിയും, പിലിപ്പോസും മാവേ ലിക്കരയ്ക്ക് മടങ്ങിവന്ന് സ്വപിതാവിന്റെ സ്വത്തുക്കൾ അവകാശമാക്കി ജീവിച്ചുവരവെ മാത്തുണ്ണി തുമ്പമണിലേക്ക് പോവുകയും വടക്കേവീട്ടിൽ സ്ഥിരതാമസമാക്കുകയും ചെയ്തു. (തുമ്പുമൺ ശാഖയുടെ വംശവലി അന്യത്ര ചേർത്തിട്ടുണ്ട്.)

പീലിപ്പോസ് മാവേലിക്കരയിൽ സ്ഥിരതാമസമാക്കി. ഇദ്ദേഹത്തിൽ നിന്നാണ് കാഞ്ഞിരത്തിൻമൂട് ശാഖയുടെ ആരംഭം.

പിലിപ്പോസ് പെരുമാൾ തരകന്റെ മൂത്തമകൻ ഉമ്മച്ചന് പെരുമാൾ എന്നും മർക്കോസ് എന്നും പേരായ രണ്ട് ആൺമക്കളാണ് ഉണ്ടായിരുന്നത്. സ്കറിയ കത്തനാർ പുത്തൻകാവിൽ പുത്തൻപുരയ്ക്കൽ ശ്രീ. മാത്തൻ മുതൽ പേരുടെ സഹോദരി ഏലിയാമ്മയെ വിവാഹം ചെയ്തു. അവർക്ക് ഒരു മകൾ (ഓമല്ലൂർ കൈതമൂട്ടിൽ വിവാഹം മാത്രമേ ഉണ്ടായിരുന്നുള്ളു.

പിലിപ്പോസ് പെരുമാൾ തരകന്റെ മൂന്നാമത്തെ മകൻ നൈനാന് കൊച്ചു മ്മൻ എന്നൊരു മകനും, നാല് പെൺമക്കളുമാണ് ഉണ്ടായിരുന്നത്. കൊച്ചു മന് ഒരു മകനും രണ്ട് പെൺമക്കളും ഉണ്ടായിരുന്ന മകൻ വൈദികവൃത്തി ക്കു പഠിച്ചുകൊണ്ടിരിക്കവേ നിര്യാതനായി പിലിപ്പോസ് പെരുമാൾ തരക ൻ

നാലാമത്തെ മകനായ ഇടിചാണ്ടിക്ക് പെരുമാൾ ഔസേപ്പ്, കിര്യാൻ, പിലിപ്പോസ്, ചെറിയ കുഞ്ഞ്, ഇടിച്ചാണ്ടി എന്ന് ആറ് ആൺമക്കളും രണ്ട് പെൺമക്കളും ഉണ്ടായിരുന്ന മൂത്ത കളെ അടൂരിലും ഇളയതിനെ പുത്തൻ കാവിൽ പള്ളിക്കമണ്ണിലും വിവാഹം കഴിച്ചയച്ചു. പിലിപ്പോസ് പെരുമാൾ തരകൻ മകൻ ഉമ്മച്ചന്റെ മകൻ പെരുമാളിന്, തോമസ് എന്നും ഗീവർഗീ സെന്നും രണ്ട് ആൺമക്കളും അന്നാമ്മ, മറിയാമ്മ എന്ന രണ്ട് പെൺമക്കളു മാണ് ഉണ്ടായിരുന്നത്. പെൺമക്കളിൽ മൂത്തമകളെ പുത്തൻകാവിൽ പുത്തൻവീട്ടിൽ (കടവിൽ) ഗീവർഗീസും രണ്ടാമത്തെ മകൾ മറിയാമ്മയെ റാന്നി വടശേരിക്കര പ്ലാത്താനത്ത് ഈശോയും വിവാഹം കഴിച്ചു.

**<u>പെരുമാൾ</u>** (പീലക്സിനോസ് തിരുമേനിയുടെ പിതാമഹൻ) ഒരു ബഹുഭാഷ് പണ്ഡിതനും കണക്ക്, തച്ചു ശാസ്ത്രം, ശി വേലകൾ എന്നിവയിലൊക്കെ അസമാന്യ വൈദഗ്ധ്യം നേടിയ ആളായിരുന്നു.

സൈക്കിൾ നാട്ടിൽ പ്രചരിച്ചിട്ടില്ലായിരുന്ന അകാലത്ത് ഒരു വെള്ളക്കാ രൻ എഞ്ചനീയർ വിദേശത്ത് നിന്നും വരുത്തിയ ഒരു സൈക്കിൾ ഏറെനേരം സൂക്ഷിച്ചു നോക്കിയിട്ട് ഒരു കൊല്ലപണിക്കൻ സഹായേത്തോടെ അതെ മാതൃകയിൽ ഒരു സൈക്കിൾ ഉണ്ടാക്കി. ആ സൈക്കളിൽ കൊച്ചു മകനെ യും കയറ്റി റോഡിൽ കൂടി സവാരി പോകുന്ന കാഴ്ച പുത്തൻകാവുകാരെ അദ്ഭുതപെടുത്തിയിരുന്നു. ഈ സൈക്കിളിന്റെ ചില ഭാഗങ്ങൾ ഇപ്പോഴും കിഴക്കേതലയ്ക്കൽ തറവാട്ടിന്റെ തട്ടുമ്പുറത്തുണ്ട്.

പീലിപ്പോസ് പെരുമാൾ തരകൻ പൗത്രൻ ഉമ്മച്ചൻ (രണ്ടാമത്തെ മകൻ) മർക്കോസിന് ഉമ്മൻ, മത്തായി, ഗീവർഗീസ് എന്ന് മൂന്ന് ആൺമക്ക ളാണ് ഉണ്ടായിരുന്നത്.

പീലിപ്പോസ് പെരുമാൾ തരകൻ നാലമത്തെ മകൻ ഇടിച്ചാണ്ടിയുടെ (പിരളശ്ശേരിയിൽ താമസിച്ച ആൾ) മൂത്ത മകൻ പെരുമകൾ മരിച്ച ശേഷം അദ്ദേഹത്തിന്റെ മൂന്നാൺമക്കളും ഇടിച്ചാണ്ടിയുടെ ആറു മക്കളിൽ മൂന്ന് പേരും ഒന്നായി പിരളശ്ശേരിയിലെ വസ്തുവകകൾ വിറ്റിട്ട് പത്തനാംപുരത്ത് മാക്കുളം എന്ന സ്ഥലത്ത് വസ്തു വാങ്ങി താമസമാക്കി. തുടർന്ന് മർക്കോ സിന്റെ മക്കൾ മൂന്നുപേരും പിരളശ്ശേരിയിൽ നേരത്തെ താമസമാക്കിയി രുന്ന ഇടിച്ചാണ്ടിയുടെ മകൻ ഔസേപ്പും ഇവിടുത്തെ വസ്തു വകകൾ വിറ്റിട്ട് പത്തനാപുരത്ത് മുസ്ലാവരി ബംഗ്ലാവിന് സമീപം താമസമാക്കി. (ഇവരുടെ ചരിത്രം പത്തനാപുരം ശാഖയിൽ ഉൾപെടുത്തിയിട്ടുണ്ട്.)

പിരളശ്ശേരിയിൽ തന്നെ തുടർന്ന് താമസിച്ച ഇടിചാണ്ടിയുടെ ആറാമ ത്തെ മകൻ ഇടിച്ചാണ്ടിക്ക് നാലു പെൺമക്കൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അവരെ തലവടിയിലും, പിരളശ്ശേരിയിലും കെട്ടിച്ചയച്ചു.

## <u>കിഴക്കേതലയ്ക്കൽ തോമസ് കത്തനാർ</u>

ജനനം 1036 കർക്കടകം 18 മരണം 1120 കുംഭം 4.

കിഴക്കേതലയ്ക്കൽ പെരുമാൾ തരകന്റെ മകനായി കായംകുളത്ത് വല്യമ്മയുടെ സഹോദരന്റെ വീട്ടിൽ ജനിച്ചു. ചെങ്ങന്നൂർ കോരുള ആശാ ൻറ കീഴിൽ അക്ഷരം പഠിച്ചു. തുടർന്ന് അങ്ങാടിക്കൽ സ്കൂളിലും കായം കുളം മിഡിൽ സ്കൂളിലും മാവേലിക്കര ഗവ. ഹൈസ്കൂളിലുമായി വിദ്യാ ഭ്യാസം പൂർത്തിയാക്കി. അക്കാലത്ത് പുലിക്കോട്ട് മാർ ദിവന്ന്യാസിയോസ് തിരുമേനി മാവേലിക്കര വച്ച് കഥാപുരുഷനെ കാണുകയും സുറിയാനി പഠിക്കാനായി പരുമല സെമിനാരിയിലേക്ക് കുട്ടികൊണ്ട് പോവുകയും ചെയ്തു. പുലിക്കോട്ട് തിരുമേനിയുടെയും, പരുമല കൊച്ചു തിരുമേനിയു ടെയും കീഴിൽ സുറിയാനി അഭ്യസിച്ച ശേഷം 1058 ൽ ശെമ്മാശ്ശപട്ടം ഏറ്റ് പരുമല സെമിനാരിയിൽ തന്നെ തുടർന്ന് താമസിച്ചു. കോയിപ്പുറത്ത് ചുങ്ക ത്തിൽ കുടുംബത്തിൽ ഗീവർഗ്ഗീസിന്റെ മകൾ റാഹേലമ്മയെ വിവാഹം കഴിച്ചു. അതെ വർഷം തന്നെ കിശാപട്ടം സ്വീകരിക്കുകയും പുത്തൻകാവ് പള്ളിയിൽ തന്നെ നിയമിതനാവുകയും ചെയ്തു.

വിദേശ മിഷനറിമാർ സഭാ പരിവർത്തനത്തിന് ആളുകളെ പ്രേരിപ്പിക്കു ന്ന കാലമായിരുന്നു അത്. സഭയുടെ സത്യവിശ്വാസത്തിനെതിരേ ശക്തമായ വെല്ലുവിളി ഉയർന്ന അക്കാലത്ത് സത്യവിശ്വാസം പഠിപ്പിക്കുന്നതിനും ജനങ്ങളെ സഭയിൽ ഉറപ്പിക്കുന്നതിനുമായി പ്രസംഗയോഗങ്ങളും വിശ്വാസ പഠനമാർഗ്ഗങ്ങളും സഭയിൽ സംഘടിക്കപ്പെട്ടപ്പോൾ അതിന് നേതൃത്വം നൽകുവാൻ തിരഞ്ഞെടുക്കപ്പെട്ട അപൂർവ്വം വൈദികരിൽ ഒരാളായിരുന്നു കിഴക്കേത്തലയ്ക്കൽ അച്ചൻ. നവീകരണ പ്രസ്ഥാനം ശക്തിപ്പെട്ടപ്പോൾ പല പള്ളികൾക്കും വേണ്ടി കേസുകൾ ഉൽഭവിക്കുകയും പുത്തൻകാവു പള്ളിക്കു വേണ്ടി കേസ് നടത്തുവാൻ കിഴക്കേത്തലയ്ക്കൽ അച്ചനെ ചുമത ലപെടുത്തി ആ കേസിൽ ഓർത്തഡോക്സ് കക്ഷികാർക്ക് പരിപൂർണ്ണമായ വിജയം നേടിയ കാര്യം ഇവിടെ പ്രസ്താവ്യമാണ്.

സുറിയാനി പണ്ഡിതൻ, വാഗ്മി, മതാനുഷ്ഠാനങ്ങളിൽ അതീവ തീക്ഷ ണതയുള്ള പട്ടക്കാരൻ സഭയുടെ വിശ്വാസാചാര സംരക്ഷണത്തിനു വേണ്ടി സുധീരം പടപൊരുതിയ പോരാളി എന്നി നിലകളിലെല്ലാം കിഴക്കേത്തല ലച്ചൻ ഓർത്തഡോക്സ് സഭ ഉള്ളിടത്തോളം കാലം ഓർമ്മിക്കപ്പെടും. അക്കാലത്ത് സഭയുടെ മാനേജിംഗ് കമ്മറ്റിയിലും മറ്റ് ഔദ്യോഗിക സമതികളിലും കിഴക്കേത്തലയ്ക്കൽ അച്ചൻ അംഗമായിരുന്നു. സ്വതന്ത്ര്യമായ അഭി പ്രായപ്രകടനങ്ങൾ കൊണ്ടും സംഘടന വൈഭവം കൊണ്ടും പ്രസംഗപാട വും കൊണ്ടും അദ്ദേഹം ശ്രദ്ധയനായിരുന്നു.

വളരെ കുറച്ച് ദിവസത്തെ ആലസ്യത്തിനു ശേഷം 84 മത്തെ വയസിൽ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. കാലം ചെയ്ത പരിശുദ്ധ ബസ്സേലി യോസ് ബാവായുടെ പ്രധാന കാർമ്മികത്വത്തിലും അനേകം പട്ടക്കാരുടെ യും ഭക്തജനങ്ങളുടെയും സാന്നിദ്ധ്യത്തിൽ പുത്തൻകാവ് പള്ളിമുറ്റത്ത് കാണുന്ന കല്ലറയിലാണ് ശവസംസ്കാരം നടത്തിയത്.

കിഴക്കേത്തലയ്ക്കൽ അച്ചന് സഖറിയ, ഗീവർഗ്ഗീസ് (കാലം ചെയ്ത പുത്തൻകാവ് കൊച്ചു തിരുമേനി) തോമസ് ജോസഫ്, ഫിലിപ്പ് എന്ന അഞ്ച് ആൺമക്കളും, ആച്ചിയമ്മ എന്നൊരു മകളും ഉണ്ടായിരുന്നു. മകളെ അയിരൂർ തെങ്ങിൻ

തോട്ടത്തിൽ സൈമൺ വിവാഹം ചെയ്ത റാന്നിയിൽ താമസിച്ചി രുന്നു. രണ്ടുപേരും മരണമടഞ്ഞു.

## ഗീവർഗ്ഗീസ് (കിഴക്കേത്തലയ്ക്കൽ കീവറിച്ചൻ)

കിഴക്കേത്തലയ്ക്കൽ പെരുമാൾ തരകന്റെ രണ്ടാമത്തെ മകൻ ഗീവർ ഗ്ഗീസ് പ്രാധമിക വിദ്യാഭ്യാസത്തിനു ശേഷം തന്റെ പിതാമഹൻമാരുടെ നാടായ മാവേലിക്കരയിൽ സ്ഥിരമായി വരുകയും അവിടെ സ്ഥിരതാമസ ത്തിന് ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു. അതനുസരിച്ച് മാവേലിക്കര യിൽ നിന്ന് വിവാഹം ചെയ്യുകയും, മാവേലിക്കര മിച്ചൻ ജംഗ്ഷനു പടിഞ്ഞാറു വശം) വന്ന് വസ്തു വാങ്ങി താമസിച്ചു. 68-ാമത്തെ വയസിൽ നിര്യാത നായി.

കീവറിച്ചന് തോമസ്, ഗീവർഗ്ഗീസ് എന്ന് രണ്ട് ആൺമക്കളും ആച്ചിയമ്മ എന്ന് ഒരു മകളും ആണ് ഉണ്ടായിരുന്നത്.

ആച്ചിയമ്മ (ഗവ. സ്കൂൾ അദ്ധ്യാപിക) അവിവാഹിതയായി 77-മത്തെ വയസിൽ (1977) മരിച്ചു.

ആൺമക്കളിൽ മൂത്ത ആളായ തോമസ് ഒരു മകൻ ജനിച്ച ശേഷം അധി കം താമസിയാതെ മരിച്ചു. തോമസ് കരുവാറ്റ മുഞ്ഞനാട്ട് പെരുമാളിന്റെ മകൾ ഏലിയാമ്മയെ വിവാഹം ചെയ്തു. ഇവരുടെ ഏക മകൻ ഗീവർഗ്ഗീസ് തോമസ് കെ. എസ്. ആർ. ടി. സി. ലെ ഉദ്യോഗസ്ഥനാണ്. കരുവാറ്റ വാലു പറമ്പിൽ മാത്തുകുട്ടിയുടെ ഇളയ മകൾ ഷീലയെ വിവാഹം ചെയ്തു. ഇവർ ക്ക് അന്ജു, അനു, അനില എന്ന് മൂന്ന് പെൺമക്കളാണ് ഉള്ളത്. ഗീവർഗീസ് മാതാവിനോടും, കുടുംബത്തോടും ഒപ്പം മാവേലിക്കര കിഴക്കേത്തലയ്ക്കൽ വീട്ടിൽ താമസിക്കുന്നു. കീവറിച്ചന്റെ രണ്ടാമത്തെ മകൻ വർഗീസ് നിരണ ത്ത് കടവിൽ ബഹനാൻ മകൾ മറിയാമ്മയെ വിവാഹം ചെയ്തു. തോമസ്

കർണാടക ഗവൺമെൻറിൽ പി. ഡബ്ല്യ. ഡി. യിൽ എഞ്ചനീയറായി ജോലി ചെയ്തുവരവേ പെട്ടെന്ന് മരണമടഞ്ഞു. ഇവർക്ക് കുമാരി എന്ന ഒരു മകൾ മാത്രമേയുള്ളു വീയപുരം മാലിയിൽ ഏബ്രഹാം ആണ് കുമാരിയെ വിവാഹം ചെയ്തത്. നൈജിരിയയിലെ ജോലിയിൽ നിന്നും വിരമിച്ച് മാതാവ് മറിയാമ്മയോടൊപ്പം തിരുവല്ല പാലിയേക്കരയിൽ താമസിക്കുന്നു. മക്കൾ ലീന, നീമ, ലെജി

## റ്റി. കെ. സഖറിയാ

കിഴക്കേത്തലയ്ക്കൽ അച്ചന്റെ മൂത്തമകൻ സഖറിയ, ചെങ്ങന്നൂരും മാവേലിക്കരയിലും ഹൈസ്കൂൾ വിദ്യാഭ്യാസവും ആലപ്പുഴ കൊമേർഷ്യൽ സ്കൂളിലെ വിദ്യാഭ്യാസവും പൂർത്തിയാക്കി ജോലിയിൽ പ്രവേശിച്ചു. ആറു വർഷത്തോളം പേർഷ്യയിൽ എണ്ണകമ്പനിയിലും ജോലി ചെയ്തു. മാവേലി ക്കര നാടാവള്ളിൽ കറിയാച്ചന്റെ മകൾ മറിയാമ്മയെ വിവാഹം ചെയ്ത പിരളശ്ശേരിയിൽ താമസിച്ചു വന്നു. സഖറിയായക്ക് തോമസ്, സഖറിയാ,

ഗീവർഗീസ്, ജോസഫ്, എന്ന് നാല് ആൺമക്കളാണ് ഉള്ളത്. സഖറിയാ 1983 ൽ മരണമടഞ്ഞു. സഖറിയായുടെ മൂത്തമകൻ തോമസ് (ബേബി) തുമ്പമൺ ചക്കാലമണ്ണിൽ കോശിയുടെ മകൾ അമ്മുക്കുട്ടിയെ വിവാഹം ചെയ്തു. ഇവർക്ക് റാണി, രേണു എന്ന് രണ്ട് പെൺമക്കളാണ് ഉള്ളത്. പിരളശ്ശേരി യിൽ ആലുംമൂട്ടിൽ പെരുമാളിന്റെ മകൻ ജസ്സൺ ആണ് റാണിയെ വിവാഹം ചെയ്തത്. ചെങ്ങന്നൂർ കളയ്ക്കാട്ട് ചെറിയാന്റെ മകൻ കൊച്ചുമോൻ രേണുവിനെ വിവാഹം ചെയ്തു. 1994 ൽ തോമസ് മരിച്ചു. സഖറിയായുടെ രണ്ടാമത്തെ മകൻ സഖറിയ (ജോയി) ജബൽപൂർ ഓർഡിനൻസ് ഫാക്ട റിയിലെ ജോലിയിൽ നിന്നും വിരമിച്ച് ജബൽപൂരിൽ തന്നെ താമസിക്കുന്നു. ചെങ്ങന്നൂർ ഏറ്റുപ്പള്ളിൽ മാത്യുവിന്റെ മകൾ സൂസമ്മയെ ആണ് വിവാ ഹം ചെയ്തത്. ഇവർക്ക് അനിത, സുനിത എന്ന് രണ്ട് പെൺമക്കളും സുനിൽ എന്നൊരു മകനും ഉണ്ട്.

സുനിൽ ആർമി ഓഫീസറായി ബറോഡയിൽ ജോലി നോക്കുന്നു.

**<u>ഗീവർഗ്ഗീസ് (രാജു</u>**

ജോലിയിൽ നിന്നും വിരമിച്ച് ന്യൂഡൽഹിയിൽ താമസിക്കുന്നു. ചെങ്ങന്നൂർ തേരകത്ത് ഗ്രേസിയെ വിവാഹം ചെയ്തു. ഷൈനി, ഷീബ എന്ന് രണ്ടു പെൺമക്കളാണുള്ളത്.

**ജോസഫ് (കുഞ്ഞുമോൻ**

സഖറിയായുടെ ഇളയമകൻ പെരളശ്ശേരിയിൽ കുടുംബവീട്ടിൽ താമ സിക്കുന്നു. റാന്നി ആഞ്ഞിലിമൂട്ടിൽ ശാമുവേലിന്റെ മകൾ ലില്ലിക്കുട്ടിയാണ് ഭാര്യ. ഇവർക്ക് ഷെബി എന്ന മകനും ഷെജി എന്ന മകളും ഉണ്ട്. രണ്ടു പേരും വിദ്യാർത്ഥികളാണ്.

**<u>ഗീവർഗ്ഗീസ്</u>** (മാർ പിലക്സിനോസ് മെത്രാപ്പോലിത്താ പിലക്സിനോസ് തിരുമേനിയെപ്പറ്റിയുള്ള ചരിത്രം അന്യത.)

**കെ. റ്റി. തോമസ് (കുട്ടി)**

കിഴക്കേത്തലയ്ക്കൽ തോമസ് കത്തനാരുടെ മൂന്നാമത്തെ മകൻ തോമ സ് പോസ്റ്റ് ആന്റ് ടെലഗ്രാഫ് ഡിപ്പാർട്ട്മെന്റിൽ ടെലിഫോൺ ബ്രാഞ്ചിൽ സൂപ്രവൈസറായായി പെൻഷൻപറ്റി മുളക്കുഴയിൽ വിശ്രമ ജീവിതം നയിച്ചു വരവേ 1986 ൽ നിര്യാതനായി. നാല് ആൺമക്കളും മൂന്ന് പെൺമക്കളുമാണ് ഇദ്ദേഹത്തിന് ഉള്ളത്. കോഴഞ്ചേരിൽ തേർവേലിൽ തെളിരേത്ത് പരേത നായ ഗീവർഗ്ഗീസിന്റെ നാലമത്തെ മകൾ ഏലിയാമ്മയാണ് ഭാര്യ.

**<u>തോമസ് മാർ അത്താനിയോസ്</u>**

കെ. റ്റി. തോമസിന്റെ മൂത്ത മകൻ.( വിവരങ്ങൾ അന്യത്ര ചേർത്തിരിക്കുന്നു.)

**ജോർജ് തോമസ് (തമ്പി)**

കെ. റ്റി. തോമസിന്റെ രണ്ടാമത്തെ മകൻ കേളജ് വിദ്യാഭ്യാസത്തിനു ശേഷം ബിസിനസ്സ് രംഗത്ത് ജോലി ചെയ്യുന്നു. ഭാര്യ ബാലകുട്ടി, ബൈജു എന്നൊരു മകളും ഡഞ്ചി, കുഞ്ഞ് എന്നിങ്ങനെ രണ്ട് ആൺമക്കളുമാണ്. ഏക മകൾ ബൈജുവിനെ കല്ലുങ്കൽ മണപ്പള്ളിൽ ചെറിയാന്റെ മകൻ റെജി യാണ് വിവാഹം കഴിച്ചിരിക്കുന്നത്. രണ്ടാമത്തെ മകൻ ഡഞ്ചി ദുബായിൽ ജോലി ചെയ്യുന്നു. ഇളയ മകൻ കുഞ്ഞ് ഉദ്യോഗർത്ഥിയായി അമ്മയോ ടൊപ്പം താമസിക്കുന്നു.

**ജോസഫ് (കുഞ്ഞുമോൻ)**

കെ. റ്റി. തോമസിന്റെ മൂന്നാമത്തെ മകൻ ബറോഡയിൽ തോമസ് മാർ അത്താനിയോസ് സ്ഥാപിച്ച് സെന്റ് ബേസിൽ സൊസൈറ്റിയുടെ മാനേജ്മെൻറിൽ നടത്തുന്ന ഗുജറാത്ത് റിഫൈനറി ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ജോലി നോക്കുന്നു. കായംകുളം വടക്കേത്തലയ്ക്കൽ ഏബ്രഹാ

മിന്റെ മകൾ റേയെ വിവാഹം ചെയ്തു. ഇവർക്ക് സുമിത്ത്, സുജിത്ത് എന്ന് രണ്ട് ആൺമക്കളും സുനിത എന്നൊരു മകളും ഉണ്ട്.

**സക്കറിയാ (സണ്ണി)**

തോമസിന്റെ ഇളയമകൻ തിരുവനന്തപുരം ഐ. എസ്. ആർ. ഒ. യിൽ ജോലി ചെയ്യുന്നു. തിരുവനന്തപുരത്ത് നാലാഞ്ചറയിലാണ് താമസം. ഏക മകൻ അനീഷ് എഞ്ചിനീയർ ആയി ദുബായിൽ ജോലി നോക്കുന്നു. മകൾ നിഷ വിദ്യാർത്ഥിനിയാണ്.

തോമസിന്റെ പെൺമക്കളിൽ വത്സയെ പിരളശ്ശേരി കിഴക്കേത്തല ൽ ഫാ. കെ. ജി. ചെറിയാൻ വിവാഹം ചെയ്തിരിക്കുന്നു. രണ്ടാമത്തെ മകൾ മോളിയെ മാവേലിക്കര കല്ലേലിൽ ചെറിയാൻ (കൊട്ടാരക്കര കോളജ് അദ്ധ്യാപകൻ) വിവാഹം ചെയ്തു. ഇളയ മകൾ എൽസിയെ കോട്ടയം മാലിയിൽ തോമസ് (ബറോഡ) വിവാഹം ചെയ്തു.

**കെ. റ്റി. ജോസഫ് (കുഞ്ഞുകുഞ്ഞ്)**

കിഴക്കേത്തലയ്ക്കൽ അച്ചന്റെ നാലാമത്തെ മകൻ കോളജ് വിദ്യാഭ്യാ സം കഴിഞ്ഞ് ഇൻഡ്യൻ മിലിട്ടറി സർവ്വീസിലും കേരളാ പോലീസ് ഡിപ്പാർട്ട് മെൻറിലും ജോലി നോക്കിയതിനു ശേഷം ഉദ്യോഗം രാജിവച്ച് സേലത്ത് വ്യവസായത്തിലും പ്ലാന്റേഷനിലും ശ്രദ്ധ ചെലുത്തി താമസിക്കുകയായി രുന്നു. 1986 ൽ നിര്യാതനായി. വിദ്യാർത്ഥിയായിരിക്കുമ്പോൾ നല്ല സ്പോർട്ട് സുമാൻ ആയിരുന്നത് തന്റെ ജീവിതത്തിലും ഏറെ സഹായകമായി. നിലമ്പൂരിൽ ചുങ്കത്തറയിൽ എം. പി. എം. ഹൈസ്കൂൾ, ഹിൽ ഫോർട്ട് എസ്റ്റേറ്റ്, സേലത്ത് മെഡിക്കൽ സ്റ്റോർ, മൂന്നു കെട്ടിടങ്ങൾ ഇവയൊക്കെ സമ്പാദിക്കുവാൻ

കഴിഞ്ഞു. ഭാര്യ ഡോക്ടർ എൽസമ്മ മദ്രാസ് ഹെൽത്ത് സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത് സ്വന്തമായി പ്രാക്ടീസ് ചെയ്യുകയാ യിരുന്നു. പിന്നീട് മരണമടഞ്ഞു.

മൂത്തമകൾ ഡോക്ടർ ഷേർളിയും, ഡോക്ടർ സതീശ് കുരുവിള കാന ഡയിൽ ജോലി ചെയ്യുന്നു. ഏക മകൻ ഡോക്ടർ തോമസ് ജോസഫ് ഇംഗ്ല ണ്ടിലാണ്. ഭാര്യ റ്റീനാ ബാംഗ്ലൂരിൽ താമസിക്കുന്നു.

**കെ. റ്റി. ഫിലിപ്പ് (പീലിപ്പോച്ചൻ)**

കിഴക്കേത്തലയ്ക്കൽ അച്ചന്റെ അഞ്ചാമത്തെ മകൻ ഫിലിപ്പ് ഹൈ സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഇൻഡ്യൻ റെയിൽവേയിലും പേർഷ്യ യിൽ ഓയിൽ കമ്പിനിയിലും അമേരിക്കയിൽ മിച്ചിഗണിലും ജോലി ചെയ്തിരുന്നു. മാവേലിക്കര മാമൂട്ടിൽ തട്ടേഴത്ത് എം. കെ. മത്തായിയുടെ മൂന്നാമത്തെ മകൾ മറിയാമ്മയാണ് ഭാര്യ. മൂത്തമകൾ ഡോക്ടർ ലിസ്സിയെ എണ്ണയ്ക്കാട്ട് കൊച്ചുകാട്ടിൽ ഡാനിയേലിന്റെ മകൻ തോമസ് വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ നിസി എം. എസ്. സി.യെ പുത്തൻകാവിൽ ആലുംമൂട്ടിൽ ജോർജിന്റെ മകൻ ഡോക്ടർ ഇടിക്കുള വിവാഹം ചെയ്തു. ഏകമകൻ തോമസ് ഫിലിപ്പ് സഹോദരിമാരോടൊപ്പം അമേരിക്കയിൽ കു ടുംബസഹിതം താമസിക്കുന്നു. പുത്തൻകാവിൽ ആലുംമൂട്ടിൽ ചെറിയാ ന്റ മകൾ സോഫിയാണ് ഭാര്യ. ഇവർക്ക് ടീന, എന്ന മകളും ടെറി എന്ന ഒരു മകനും ഉണ്ട്. രണ്ടുപേരും വിദ്യാർത്ഥികളാണ്.